


# HOLY FAMILY H S KATTIPPARA

## അക്കാദമിക മാസ്റ്റർ പ്ലാൻ
2025-26

# ഉയരെ...

## ആമുഖം

ഗുണമേന്മയുള്ള വിദ്യാഭ്യാസം വിദ്യാർഥികൾക്ക് ഉറപ്പാക്കി വിദ്യാലയങ്ങളെ മികവുറ്റതാക്കി തീർക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ പരമപ്രധാനമായ ലക്ഷ്യം. ഞങ്ങളുടെ വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക നിലവാരം ഉയർത്തുന്നതിന് ഒത്തൊരുമയോടെ ഞങ്ങൾ തയ്യാറാക്കുന്ന മാസ്റ്റർ പ്ലാൻ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രധാനമായ മാർഗരേഖകളിൽ ഒന്നാണ്.

1981-84 കാലഘട്ടത്തിൽ ഇവിടെയുണ്ടായിരുന്ന സ്കൂൾ മാനേജർ ഫാദർ മാത്യു ജെ കൊട്ടുകാപ്പള്ളിയുടെ ശ്രമഫലമായാണ് ഈ വിദ്യാലയം സ്ഥാപിതമായത്. 1987 ൽ സ്കൂൾ താമരശ്ശേരി കോർപ്പറേറ്റ് എജ്യുക്കേഷൻ ഏജൻസിയുടെ കീഴിലായി. 2010 ൽ ഹൈസ്കൂൾ ഹയർസെക്കൻഡറിയായി ഉയർത്തപ്പെട്ടു.

മലകളുടെ ഗ്രാമമായ കട്ടിപ്പാറയിലെ ഏക ഹൈസ്കൂൾ ആണ് ഇത്. ആദിവാസി വിഭാഗത്തിലുള്ള കുട്ടികളടക്കം എല്ലാവരുടെയും ഏക ആശ്രയമാണ് ഈ വിദ്യാലയം. ഓരോ കാലഘട്ടത്തിലെയും വിദ്യാഭ്യാസ രീതികൾക്കും പഠന സമ്പ്രദായങ്ങൾക്കും അനുസരിച്ച് മികച്ച വിജയം നേടാൻ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. പഠനം മികവിന് എസ് എസ് കെ യുടെ പുരസ്കാരം ലഭിച്ചു. തുടർച്ചയായി എസ്എസ്എൽസി പരീക്ഷയിൽ 100% നേടിവരുന്നു. പാഠ്യപാഠ്യേതര മേഖലകളിൽ വ്യക്തമായ മേധാവിത്വം സ്ഥാപിക്കാൻ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. സ്കൗട്ട് ആൻഡ് ഗൈഡ്, JRC,Little kites ഹരിത സേന, മാതൃഭൂമി സീഡ് എന്നീ സന്നദ്ധ സേവന സംഘടനകൾ വിദ്യാർത്ഥികൾക്ക് മൂല്യബോധം നൽകുന്നു. വ്യക്തിത്വ വികസന ക്ലബ്ബ് കുട്ടികളിലെ വ്യക്തിത്വ പരിശീലനത്തിന് നേതൃത്വം നൽകുന്നു. വിദ്യാഭ്യാസം നൽകുന്നതോടൊപ്പം കുട്ടികളുടെ സമഗ്രമായ ഗുണമേന്മ വിദ്യാഭ്യാസത്തിനും വിദ്യാലയം ഏറെ പ്രാധാന്യം നൽകിവരുന്നുണ്ട്. ദീർഘവീക്ഷണത്തോടെ പ്രവർത്തനങ്ങളെ ക്രമീകരിക്കുന്ന മാനേജ്മെന്റ്, പിടിഎ, പ്രധാനാധ്യാപകൻ, അധ്യാപകർ, അനധ്യാപകർ എന്നിവരുടെ മികച്ച നേതൃത്വം വിദ്യാലയത്തെ മികവുള്ളതാക്കി തീർക്കുന്നു.

**English "Sweets" 2025-'26**

(Smart and wonderful English Enrich treat for students)
An English Innovative programme

Innovative programme(തനത് പ്രവർത്തനം) 2025-'26

Learners acquire most useful 10 sentences in a term. The sentences will be displayed in the class and practised.

**Aim**

"To guide and support the learners to achieve the educational goals and ensure their academic success through English language acquisition."

***Monthly wise planning**

June ---English Fest, Spoken English classes, Language acquisition through LSRW

July ----English Assembly, Learning Self introduction, Profile writing

August--- Language comprehension through listening video stories,Notice writing

September---Daily reading practice , Dairy writing

October---- Language acquisition through games, role play and story telling

November----Film show, word practice

. December---- Language discourses.. Conversation and Letter writing

January ---- Syllabus based grammar activities, Editing, Phrasal verbs and word practice

## ഗണിതം

ഗണിത ആശയങ്ങൾ കുട്ടികൾ ഉറപ്പിക്കുന്നതിനും ഗണിത ചിന്തകൾ വളർത്തിയെടുക്കുന്നതിന് അടിസ്ഥാനശേഷി നേടിയെടുക്കുന്നതിനും സ്കൂൾ കഴിഞ്ഞുള്ള ഗണിത സന്ദർഭങ്ങളെ പരിചയപ്പെടുത്തുന്നതിനും ആയി പ്രോജക്റ്റുകൾ നിർദ്ദേശിച്ചിരിക്കുന്നു ഇവയുടെ സുഗമമായ നടത്തിപ്പിനായി ജൂൺ മാസത്തിലെ ആദ്യ ആഴ്ച തന്നെ മുൻകൂട്ടി തയ്യാറാക്കിയ ചോദ്യങ്ങൾ ഉപയോഗിച്ച് നടത്തുന്ന മൂല്യനിർണയത്തിലൂടെ താഴെ പറയുന്ന ഗ്രൂപ്പുകളായി കുട്ടികളെ തരംതിരിക്കുന്നു

ഗ്രൂപ്പ് 1 = ഗണിതത്തിൽ അടിസ്ഥാന ക്രിയാശേഷി നേടിയിട്ടില്ലാത്തവർ

ഗ്രൂപ്പ് 2 = അടിസ്ഥാന ക്രിയാശേഷി നേടിയിട്ടുണ്ടെങ്കിലും ഗണിത ആശയംഉപയോഗിച്ച് പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിൽ പ്രാവണ്യം ഇല്ലാത്തവർ

ഗ്രൂപ്പ് 3 = ഗണിതാ ശയ ധാരണ ഉള്ളവർ ഗണിതത്തിൽ മികച്ച നിലവാരം ഉള്ളവർ

ജൂൺ ജൂലൈ ഓഗസ്റ്റ് മാസങ്ങളിൽ ഗ്രൂപ്പ്1 പെ ട്ട കുട്ടികൾക്ക് ക്രിയകൾ ഉറപ്പിക്കുന്നതിന് വേണ്ട ഗെയിം നൽകുന്നു

ഗ്രൂപ്പ് 2 വിൽ ഗണിതാശയം ഉറപ്പിക്കുന്നതിന് ക്വിസ്, ജിയോജിബ്ര ജോമടിക്കൽ ചാർട്ട്, മോഡൽ നിർമ്മാണം എന്നിവ നൽകുന്നു

ഗ്രൂപ്പ് 3 യിൽ ഉയർന്ന നിലവാരമുള്ള ചോദ്യങ്ങൾ പരിചയപ്പെടുത്തുന്ന പ്രവർത്തനം, പ്രോജക്റ്റ്, മത്സരപരീക്ഷയിലെ ഗണിതം,മേളയ്ക്ക് വേണ്ട തയ്യാറെടുപ്പ്

ഇതേ പ്രവർത്തനങ്ങൾ വർഷാവസാനം വരെ തുടരുന്നു.

## തനത് പ്രവർത്തനം

ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളെ ഉപയോഗിച്ച് കുട്ടികൾ നിർമ്മിക്കുന്ന കലണ്ടർ നിർമ്മാണം

## സയൻസ്

**ജീവൻ**

ശാസ്ത്രാഭിമുഖ്യം വളർത്തുന്നതിനും നൂതന ആശയങ്ങൾ രൂപപ്പെടുത്തുന്നതിനും സഹായകരമായ പ്രവർത്തനങ്ങൾ

സയൻസ് കോർണർ

**ലക്ഷ്യം**

കൗതുകം, ജിജ്ഞാസ, ശാസ്ത്രാഭിമുഖ്യം എന്നിവ പരിപോഷിപ്പിക്കുന്നു

**ജൂൺ- ജൂലൈ**

പ്രവർത്തനങ്ങൾ

പുതിയ കണ്ടെത്തലുകളും പുത്തൻ സാങ്കേതിക വിദ്യകളും ആനുകാലിക ശാസ്ത്ര സംഭവങ്ങളും പ്രദർശിപ്പിക്കുന്നു ഇതിനെ അടിസ്ഥാനമാക്കി ഓരോ മാസാവസാനവും ക്വിസ് നടത്തുന്നു

വിവിധ ശാസ്ത്ര ദിനാചരണങ്ങളെ അടിസ്ഥാനമാക്കി ക്വിസ് സംഘടിപ്പിക്കുന്നു

പാഠഭാഗങ്ങളെ അടിസ്ഥാനമാക്കി വിവിധ വിഷയങ്ങളിൽ സെമിനാർ അവതരണം

*Idea Box
*
Yip, Inspire award എന്നിവയ്ക്കുവേണ്ടി നൂതനാശയങ്ങൾ സമർപ്പിക്കുന്നു

അന്വേഷണാത്മകശാസ്ത്രം

**ലക്ഷ്യം**

നിരീക്ഷണ പാടവം പരിപോഷിപ്പിക്കുക നിരന്തരമായി അന്വേഷണങ്ങൾ നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുക

**ആഗസ്റ്റ്**

പ്രവർത്തനങ്ങൾ

ലഘു പ്രൊജക്ടുകൾ, പരീക്ഷണങ്ങൾ എന്നിവ അവതരിപ്പിക്കാൻ ഉള്ള അവസരം നൽകൽ, മോഡൽ നിർമ്മാണം

സബ്ജില്ലാ ജില്ല സംസ്ഥാന ദേശീയ മത്സരങ്ങൾക്ക് വേണ്ടിയുള്ള തയ്യാറെടുക്കൽ, ശാസ്ത്രോത്സവം

ഔഷധോദ്യാനം

ലക്ഷ്യം

ആരോഗ്യപരിരക്ഷ, പരിസ്ഥിതി സൗഹൃദ മനോഭാവം

**സെപ്റ്റംബർ**

പ്രവർത്തനങ്ങൾ

ഔഷധസസ്യങ്ങൾ നട്ടുപിടിപ്പിക്കൽ, ശാസ്ത്രനാമം കണ്ടുപിടിക്കൽ, പ്രദർശിപ്പിക്കൽ

പച്ചക്കറിത്തോട്ടം

ലക്ഷ്യം

ഭക്ഷ്യസുരക്ഷ, വിഷമില്ലാത്ത പച്ചക്കറി ഉൽപാദനം

**ഒക്ടോബർ ,നവംബർ**

പ്രവർത്തനം

പച്ചക്കറിത്തോട്ടം നിർമ്മിക്കൽ

**ശാസ്ത്ര ചെപ്പ്**

ലക്ഷ്യം

ശാസ്ത്രാഭിമുഖ്യം വളർത്തൽ, അവതരണ പാടവം

**ഡിസംബർ, ജനുവരി, ഫെബ്രുവരി**

ലഘുപരീക്ഷണങ്ങൾ അവതരിപ്പിക്കൽ, നിർമ്മിച്ച മോഡലുകൾ പ്രദർശിപ്പിക്കൽ, ശില്പശാല, പാഠങ്ങളുമായി ബന്ധപ്പെട്ട് നിർമിച്ച വസ്തുക്കളുടെ പ്രദർശനം, പുത്തൻ സാങ്കേതിക വിദ്യകളും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുത്തൽ.

## Social Science

I)പൊതുവിജ്ഞാനം കുട്ടികളിൽ വളർത്തിയെടുക്കാൻ ക്വിസ് മത്സരം ഇടയ്ക്ക് സംഘടിപ്പിക്കുക.

2) Newspaper Reading പ്രോത്സാഹിപ്പിക്കാൻ എല്ലാ ദിവസവും 4 വാർത്തകൾ (News Headline) വായിക്കുക

3) കുട്ടികൾ പഠിക്കുന്ന പാഠഭാഗവുമായി ബന്ധപ്പെട്ട ഭൂപ്രദേശങ്ങൾ ഇന്ത്യയുടെ outline map -ൽ വരച്ച് അടയാളപ്പെടുത്തി My Atlas എന്ന ശേഖരണം ഉണ്ടാക്കുക

4)ചരിത്ര പ്രാധാന്യമുള്ള ചിത്രങ്ങൾ ശേഖരിച്ച ആൽബം തയ്യാറാക്കുക.

## മലയാളം- മധുരമൊഴി

**ലക്ഷ്യങ്ങൾ**

▪മുഴുവൻ കുട്ടികളേയും വായന ,ലേഖനം, പാരായണം എന്നിവയിൽ പ്രാപ്തരാക്കുക.

▪സർഗാത്മകശേഷി വികസിപ്പിക്കുക
സാഹിത്യ മേഖലയിൽ പ്രാവീണ്യം നേടാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുക

▪മാനവിക മൂല്യങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കുക

▪പ്രസംഗം ,അഭിനയം എന്നിവയിൽ മത്സരങ്ങളിൽ മുന്നിലെത്തിക്കുക

**ശേഷികൾ**

1 ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക.

**പ്രവർത്തനങ്ങൾ**

പ്രീടെസ്റ്റ്,അക്ഷരങ്ങൾ , വാക്കുകൾ, വാക്യങ്ങൾ ഉറപ്പിക്കൽ

കഥാപുസ്തക വായന, കഥ പൂരണം .
ഭാഷാപരമായി പിന്നൊക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്

കാലം - ജൂൺ, ജൂലൈ

**ഭൗതികം**

പുസ്തകങ്ങൾ ,സിഡി ,ചിത്രങ്ങൾ, കാർഡുകൾ.

▪കുട്ടിയെ മികച്ച വായനക്കാരനാക്കുക.

പ്രവർത്തനങ്ങൾ
വായനക്കൂട്ട രൂപീകരണം ,ക്ലാസ് ലൈബ്രറി ,സ്കൂൾ ലൈബ്രറി, വായനൊത്സവം,
പത്രവായന, വായനക്കുറിപ്പ് മത്സരം ,വിദ്യാരംഗം പ്രവർത്തനങ്ങൾ,
സാഹിത്യകാരന്മാരുമായി അഭിമുഖം, ആനുകാലിക പ്രസിദ്ധീകരണ വായന.

**കാലം .ജൂൺ - മാർച്ച്**

ഭൗതികം

ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, പത്രങ്ങൾ.

▪കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക.

പ്രവർത്തനങ്ങൾ

പുസ്തക ചർച്ച, വായനക്കുറിപ്പ്, വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ, പതിപ്പ് തയ്യാറാക്കൽ, കയ്യെഴുത്തുമാസിക.

ഭൗതികം

ലൈബ്രറി പുസ്തകങ്ങൾ.

▪കുട്ടിയെ മികച്ച അഭിനേതാവാക്കുക.

പ്രവർത്തനങ്ങൾ

നാടക പുസ്തക പരിചയം, നാടക പുസ്തകങ്ങൾ പരിചയപ്പെടൽ, , മികച്ച നാടകങ്ങൾ കാണൽ.

▪

ലിംഗ്വിസ്റ്റിക് ലാബ് നിർമ്മാണം.

പ്രവർത്തനങ്ങൾ

സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ ശേഖരിക്കുന്നു, കലാരൂപചിത്രങ്ങളുടെ ശേഖരണം , കലാ രൂപങ്ങൾ -സിഡി, ഫോക്ക് ഉപകരണങ്ങളുടെ ശേഖരണം ,

കാലയളവ്

**ജൂൺ - മാർച്ച്**

ഭൗതികം

പുസ്തകങ്ങൾ, ചിത്രങ്ങൾ.

**തനത് പ്രവർത്തനം**

ജൂൺ മുതൽ മാർച്ച് വരെ നീണ്ടുനിൽക്കുന്ന എല്ലാ ദിനാചരണങ്ങളുടെയും മലയാള ഭാഷാ പ്രവർത്തനങ്ങളുടെയും ഉൽപ്പന്നങ്ങൾ ശേഖരിച്ച് ഒരു കയ്യെഴുത്തു മാസിക തയ്യാറാക്കുന്നു

## <u>ഉർദു</u>

ഹോളി ഫാമിലി എച്ച് എസ് കട്ടിപ്പാറയിൽ ഉർദു ഭാഷാപഠനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിക ,ഭൗതിക സാമൂഹ്യ പ്രവർത്തനങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

**ലക്ഷ്യങ്ങൾ**

*ഉർദു ഭാഷാപഠനമായിബന്ധപ്പെട്ട കരിക്കുലം വിഭാവനം ചെയ്യുന്ന പഠന നേട്ടങ്ങൾ എല്ലാ  കുട്ടികളും ആർജിക്കുക

*ഉർദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും പത്താം ക്ലാസ് കഴിയുമ്പോഴേക്കും ഉർദു വായിക്കാനും കേട്ടെഴുതാനും അത്യാവശ്യം സാഹിത്യ രചനകൾ നടത്താനുമുള്ള ശേഷി ഉറപ്പാക്കുക

*സ്കൂൾ വിട്ടു പുറത്തു വരുന്ന മുഴവൻ ഉർദു പഠിച്ച കുട്ടികൾക്കും വിവിധ ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് ഉർദു ഭാഷ സംസാരിക്കാൻ കഴിയുക.

*വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക.

*ഭാഷ പഠനത്തിലൂടെ ജനാധിപത്യ മതേതരത്വ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക.

**ജൂൺ**

എഴുത്തും വായനയും അറിയാത്ത പുതിയ കുട്ടികളെ കണ്ടെത്തുന്നു. അവർക്ക് പരിശീലനം നൽകുന്നു.

ജൂൺ 5 -പരിസ്ഥിതി ദിനത്തിൽ ഉറുദു ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പരിസ്ഥിതി ദിന പോസ്റ്റർ നിർമ്മാണ മത്സരം നടത്തുന്നു.

ജൂൺ 19 -വായനാദിനത്തിൽ കുട്ടികൾക്ക് ചെറിയ പുസ്തകങ്ങൾ (കഥ ,കവിത) എന്നിവ നൽകി വായനയെ പ്രോത്സാഹിപ്പിക്കുന്നു.

ജൂൺ 26 'ലഹരി വിരുദ്ധ ദിനത്തിൽ പൊതു റാലിയിൽ ഉറുദു പ്ലക്കാഡുകൾ പോസ്റ്ററുകൾ (കുട്ടികൾ തയ്യാറാക്കിയത്) പ്രദർശിപ്പിക്കുന്നു.

**ജൂലൈ**

അക്ഷരങ്ങളും ചിഹ്നങ്ങളും പഠിച്ചവരെ വായനക്ക് പരിശീലനം നൽകുന്നു.

ബഷീർ ദിനത്തിൽ പുസ്തക വായന ബഷീർ ദിന ക്വിസ് എന്നിവ നടത്തുന്നു.

**ആഗസ്റ്റ്**

midterm പരീക്ഷയിൽ പിന്നോക്കം നിൽക്കുന്നവർക്ക് പരിശീലനം നൽകുന്നു.

August 15 -സ്വാതന്ത്ര്യ ദിനവുമായി ബന്ധപ്പെട്ട് സ്വാതന്ത്ര്യസമര നേതാക്കന്മാരെ കുറിച്ചുള്ള നോട്ടുകൾ നൽകുകയും അതുമായി ബന്ധപ്പെട്ട ക്വിസ് മത്സരം നടത്തുകയും ചെയ്യുന്നു

അവരുടെ ചിത്രങ്ങൾ ശേഖരിച്ച് നോട്ടുകൾ തയ്യാറാക്കുന്നു.

**സെപ്റ്റംബർ**

ഓണപ്പരീക്ഷയിൽ പത്താം ക്ലാസിൽ മാർക്ക് കുറവുള്ള കുട്ടികൾക്ക് കൂടുതൽ പ്രവർത്തനങ്ങൾ സംഭാഷണം , പ്രൊഫൈൽ, ആശയം, കഥാപാത്രനിരൂപണം തുടങ്ങിയവയ്ക്ക് കൂടുതൽ പരിശീലനം നൽകുന്നു .

സെപ്റ്റംബർ 5 - അധ്യാപക ദിനവുമായി ബന്ധപ്പെട്ട് കുട്ടികൾ പ്ലക്കാഡുകൾ, പോസ്റ്ററുകൾ നിർമ്മിക്കുന്നു.

**ഒക്ടോബർ**

ഒക്ടോബർ 2 -ഗാന്ധിജയന്തിയുമായി ബന്ധപ്പെട്ട് ക്വിസ് മത്സരം നടത്തുന്നു.

**നവംബർ**

നവംബർ 9 - ലോകഉർദു ദിനം

അല്ലാമാ മുഹമ്മദ് ഇഖ്ബാലിന്റെ ജന്മദിനവുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് പുസ്തകങ്ങൾ നൽകുകയും ചിത്രരചന, പോസ്റ്റർ നിർമ്മാണം, ക്ലാസ് തല ക്വിസ് മത്സരം (ടാലൻറ് ടെസ്റ്റ് )എന്നിവ നടത്തുന്നു.

നവംബർ 11 മൗലാനാ അബ്ദുൽ കലാം ആസാദിന്റെ ജന്മദിനവുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് വിവരശേഖരങ്ങൾ നൽകുകയും അതിൽ നിന്നും കുട്ടികൾ സ്വയം കണ്ടെത്തി നോട്ടുകൾ തയ്യാറാക്കുന്നു.

നവംബർ 14- ശിശുദിന ക്വിസ് , പോസ്റ്റർ നിർമ്മാണം

**ഡിസംബർ**

ക്രിസ്മസ് പരീക്ഷയ്ക്കുള്ള ഒരുക്കങ്ങൾ നടത്തുന്നു. മുൻ വർഷങ്ങളിലെ ക്വസ്റ്റ്യൻ പേപ്പറുകൾ ചെയ്യിപ്പിക്കുന്നു. 10 ാം ക്ലാസിലെ പാഠഭാഗങ്ങൾ മുഴുവൻ പൂർത്തിയാക്കുന്നു.

**ജനുവരി**

8, 9, 10 ക്ലാസിലെ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അടിസ്ഥാനപരമായ കാര്യങ്ങൾ പരീക്ഷക്ക് വേണ്ട സംഭാഷണം , profile, കവിത ,ആശയം എഴുതൽ തുടങ്ങിയവയ്ക്ക് പ്രത്യേക പരിശീലനം നൽകുന്നു.

**ഫെബ്രുവരി**

ദേശീയ ഉർദു ദിനത്തിൽ ഗാലിബിന്റെ ഗസലുകൾ കുട്ടികളെ പരിചയപ്പെടുത്തുന്നു.

ഗസൽ പാടുന്നവരെ വളർത്തിയെടുത്ത് അവതരിപ്പിക്കാൻ പ്രോത്സാഹിപ്പിക്കുന്നു.

**മാർച്ച്**

8, 9 ക്ലാസുകളിൽ എല്ലാ പാഠഭാഗങ്ങളും റിവിഷൻ ചെയ്ത് പിന്നോക്കക്കാരെ

പ്രത്യേക ശ്രദ്ധ നൽകി പരിശീലിപ്പിക്കുന്നു.

<u>ARABIC</u>

**പിന്നോക്കകാർക്ക് വേണ്ടി**

* എഴുതാനും വായിക്കാനും പ്രയാസമുള്ള കുട്ടികൾക്ക് അക്ഷരമാല എഴുതാനും വായിക്കാനും പ്രത്യേക പരിശീലനം നൽകുക.

•അക്ഷരങ്ങൾ ചേർത്ത് പദനിർമ്മാണം

•ഒന്നു മുതൽ 100 വരെ എണ്ണൽ സംഖ്യ പഠിപ്പിക്കുക

•ചെറിയ പാരഗ്രാഫുകൾ എളുപ്പത്തിൽ വായിക്കാൻ പരിശീലനം നൽകുക

ശരാശരി കുട്ടികൾക്ക് വേണ്ടി

•നൽകപ്പെടുന്ന പദങ്ങളിൽ നിന്നും അക്ഷരങ്ങളെ വേർതിരിച്ച് എഴുതുന്നു

•പദസമ്പത്ത് ഉണ്ടാക്കാൻ വേണ്ടി ഏതാനും വാക്കുകൾ അർത്ഥസഹിതം നൽകുന്നു

•വായനാ പോഷണത്തിന് കഥ, കവിത പുസ്തകങ്ങൾ നൽകുന്നു

•സ്വയം പരിചയപ്പെടുത്തുന്ന വിധം പ്രൊഫൈൽ തയ്യാറാക്കാൻ സഹായിക്കുന്നു

•ചോദ്യ പദങ്ങൾ, ഭാഷാ വ്യവഹാരങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു

•ആശംസ കാർഡുകൾ തയ്യാറാക്കാൻ പരിശീലിപ്പിക്കുന്നു

•അധികവായനയ്ക്ക് സ്കൂൾ ലൈബ്രറിയിൽ അറബി പുസ്തകങ്ങൾ ലഭ്യമാക്കുക.

**മുന്നോക്കക്കാർക്ക് വേണ്ടി**

•അധിക വായനയ്ക്ക് കഥാ, കവിത, ക്വിസ്  പുസ്തകങ്ങൾ വിതരണം ചെയ്യുന്നു

•ചരിത്ര പ്രമുഖരുടെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുന്നു

•വർഷങ്ങളെ സംഖ്യയിൽ നിന്നും അക്ഷരങ്ങളിലേക്ക് മാറ്റിയെഴുതാൻ പരിശീലിപ്പിക്കുന്നു

•ചെറിയതോതിൽ വിവരണം, കഥ, കവിത എഴുതാൻ പ്രോത്സാഹനം നൽകുന്നു

•സ്കൂൾ മാഗസിൻ തയ്യാറാക്കാൻ പരിശീലിപ്പിക്കുന്നു

•ദിനചരണങ്ങളിലെ പങ്കാളിത്തം.

## ഹിന്ദി

ജൂൺ, ജൂലൈ - ലക്ഷ്യം അക്ഷരം ചിഹ്നം തുടങ്ങിയ തിരിച്ചറിയുവാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതുവാനും വായിക്കുവാനും കണ്ടെത്തുവാനും പഠിപ്പിക്കുന്നു.

**പ്രവർത്തനങ്ങൾ**

അക്ഷരമല അടങ്ങിയ കാർഡ് നൽകുന്നു 'അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ഓഡിയോ വിഷന്റെ സഹായത്തോടെ ഉച്ചാരണം പരിയയപ്പെടുത്തുന്നു.

Aug, Sept, Oct. - ലക്ഷ്യം

ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. നാമം, സർവ്വനാമം വിശേഷണം എന്നിവ മനസ്സിലാക്കുന്നു.ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാൻ പരിശീലിപ്പിക്കുന്നു.

**പ്രവർത്തനങ്ങൾ**

ക്ലാസ്സിലെ ഓരോ കുട്ടികളുടെയും ജനന തീയ്യതി എഴുതുവാൻ പരിശീലിപ്പിക്കുന്നു. ചാർട്ടുകൾ നൽകുന്നു അതിൽ നിന്ന് സർവ്വനാമം വിശേഷണം എന്നിവ കണ്ടെത്താൻ പറയുന്നു

Nov, Dec-

**ലക്ഷ്യങ്ങൾ**

സാഹിത്യാഭിരുചി വളർത്തുക (കവിത, കഥ, മുദ്രാവാക്യം]

**പ്രവർത്തനങ്ങൾ**

ആശയങ്ങൾ വിവിധ തരത്തിൽ ആ വിഷ്ക്കരിക്കുക. ദിനാചരണങ്ങളുമായി ബന്ധപ്പെടുക വിവിധ തരം പോസ്റ്റർ, ഡയറി, ആശയം എന്നിവ അധ്യാപകരുടെ സഹായത്തോടെ ചെയ്യുന്നു.

Jan, Feb, March - ലക്ഷ്യങ്ങൾ

പദസൂര്യന്റെ സഹായത്തോടെ കവിത, ഡയറി, ആശയം എന്നിവ സ്വയം എഴുതുന്നു.

പ്രവർത്തനങ്ങൾ

പഠിച്ച പാഠത്തെ അടിസ്ഥാനമാക്കി പഡ് കഥ, സംഭാഷണം, കവിത എന്നിവ എഴുതുന്നു

# <u>തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം</u>

വിവിധ തരം തൊഴിലുകൾ പരിശീലിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളും ദിനാചരണ പ്രവർത്തനങ്ങളും നടത്തുക

**ലക്ഷ്യം**

തൊഴിലിനോടുള്ള ആഭിമുഖ്യം വളർത്തുക
തൊഴിൽ ചെയ്യുന്നവരെ ആദരിക്കുന്ന ഒരു സമൂഹത്തെ രൂപപ്പെടുത്തുക
കുട്ടികളിൽ സ്വയം അവബോധം വളർത്തുക

**ജൂൺ-ബുക്ക് നിർമ്മാണം**

ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ആശയം ഉൾക്കൊള്ളുന്ന തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ

**ജൂലൈ - തുണിസഞ്ചി**

പ്ലാസ്റ്റിക് രഹിത കാമ്പസ് എന്ന ലക്ഷ്യത്തോടെ വിവിധ പ്രവർത്തനങ്ങൾ നടത്തുക

**ആഗസ്റ്റ് - ശുചീകരണ വസ്തുകൾ**

വ്യക്തിശുചിത്വം, പരിസര ശുചിത്വം, സാമൂഹ്യ ശുചിത്വം എന്ന ലക്ഷ്യത്തോടെ നടത്തുന്ന വിവിധ പ്രവർത്തനങ്ങൾ

**സെപ്റ്റംബർ- പാചകം**

എളുപ്പത്തിൽ തയ്യാറാക്കാൻ സാധിക്കുന്ന വിവിധ ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണ പ്രവർത്തനങ്ങൾ

സ്കൂൾ തല മേളക്കുള്ള ഒരുക്കം

**ഒക്ടോബർ- വസ്ത്രം**

വസ്ത്രനിർമ്മാണവും വസ്ത്രാലങ്കാര പ്രവർത്തനങ്ങളും
സബ് ജില്ല ജില്ലാ മേളകളുടെ തയ്യാറെടുക്കൽ

**നവംബർ- കരകൗശല വസ്തുക്കൾ**

പാഴ് വസ്തുക്കൾ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ

**ഡിസംബർ- അലങ്കാര വസ്തുക്കൾ**

വിവധ തരം പപ്പറുകൾ ഉപയോഗിച്ചുള്ള അലങ്കാര വസ്തുക്കളുടെ നിർമ്മാണം

**ജനുവരി - ഉപയോഗയോഗ്യമായ വസ്തുക്കൾ**

ബാഗ്, പൗച്ച് എന്നിവയുടെ നിർമ്മാണ പ്രവത്തനങ്ങൾ

**ഫെബ്രുവരി -**
തൊഴിൽ സാധ്യതകൾ മനസിലാക്കാൻ വിവിധ തൊഴിൽ ശാലകൾ സന്ദർശിക്കുക
വിദഗ്ധരുമായി അഭിമുഖം നടത്തുക

## കലാ വിദ്യാഭ്യാസം

**ലക്ഷ്യങ്ങൾ**

*വിവിധ കലാമേഖലകളിൽ ( സംഗീതം. ചിത്രരചന.നൃത്തം. അഭിനയം) കുട്ടികളിലുള്ള ജന്മസിദ്ധമായ കഴിവുകളെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും വളർത്താനും ഉള്ള അവസരങ്ങൾ ഉണ്ടാക്കുക.

* കലാസാംസ്കാരിക പ്രവർത്തനങ്ങൾ സംബന്ധിച്ച കൃത്യമായ കാഴ്ചപ്പാട് എല്ലാ കുട്ടികളിലും രക്ഷിതാക്കളിലും എത്തിക്കുക.

* പഠന പ്രവർത്തനങ്ങളും ദിനാചരണങ്ങളും എല്ലാ കുട്ടികൾക്കും ഫലപ്രദമാകുന്ന തരത്തിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക.

* കലാസ്വാദനം,അവതരണ മികവ് എന്നിവ എല്ലാ കുട്ടികളിലും ഒരുപോലെ കിട്ടുന്ന തരത്തിലുള്ള പ്രോഗ്രാമുകൾ സംഘടിപ്പിക്കുക.

**പ്രവർത്തനങ്ങൾ**

സർഗ്ഗ വേളകൾ
രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെയുള്ള സർഗ്ഗ ക്യാമ്പുകൾ
ദിനാചരണങ്ങളിൽ കലയുടെ വിവിധ മേഖലയുമായി ബന്ധപ്പെട്ട കൃത്യമായ അവതരണങ്ങൾ
ക്ലാസ് തല ക്വിസ് മത്സരം
കലാകാരന്മാരെ പരിചയപ്പെടൽ
കർണാടക സംഗീത സ്വരസാധകം

**ജൂൺ**

കുട്ടികളിലുള്ള വിവിധ കലാ അഭിരുചികൾ കണ്ടെത്തൽ

പരിസ്ഥിതി ദിനം,ലോക സംഗീത ദിനം ലഹരി വിരുദ്ധ ദിനം തുടങ്ങിയ

ദിനങ്ങളുമായി ബന്ധപ്പെട്ട വിവിധ സംഗീത രൂപങ്ങളുടെ പരിശീലനം,

മത്സരം,അവതരണം

**ജൂലൈ**

വാർളി ചിത്രരചന

പരിശീലനം, ചിത്രപ്രദർശനം

**ഓഗസ്റ്റ്**

ഹിരോഷിമ ദിനം,സ്വാതന്ത്ര്യ ദിനം

ദേശഭക്തിഗാന പരിശീലനം, മത്സരം

നാടൻ പാട്ട് പരിശീലനം, സ്കൂൾതല കലാമേള

**സെപ്റ്റംബർ**

അധ്യാപക ദിനം - ഗാനാലാപനം

ഓണപ്പാട്ട് പരിശീലനം,മത്സരം, അവതരണം

**ഒക്ടോബർ**

കലാ വിഭാഗം- ക്ലാസ് തല ക്വിസ് മത്സരം

ഗാന്ധിജയന്തി- ചിത്രരചനാമത്സരം, പ്രദർശനം

**നവംബർ**

കർണാടക സംഗീത സ്വരസാധകം

വിവിധ രാഗങ്ങളുടെ ആരോഹണ അവരോഹണ പരിശീലനം( രാഗ പരിചയം ),
ശിശുദിന പരിപാടി
സബ്ജില്ലാതല കലാമേള

പരിശീലനം, അവതരണം

**ഡിസംബർ**

കവിതകൾക്ക് അഥവാ ഗാനങ്ങൾക്ക് ഈണം നൽകൽ പരിശീലനം അവതരണം

**ജനുവരി**

സംഗീത, നൃത്ത, അഭിനയ, ചിത്രകല മേഖലകളിലെ പ്രധാനപ്പെട്ട കലാകാരന്മാരെ പരിചയപ്പെടുത്തുന്നു

**ഫെബ്രുവരി, മാർച്ച്**

നവരസം, ഗീതം പരിശീലനം, കൈമുദ്രകളുടെ പരിശീലനം,

## കായികം

വ്യക്തിത്വ വികസനം അച്ചടക്കം എന്നിവയുടെ എല്ലാം അടിത്തറ നമ്മുടെ വിദ്യാലയങ്ങളിൽ നിന്നാണ്.

വ്യത്യസ്ത ജീവിത സാഹചര്യങ്ങളിൽ നിന്ന് വരുന്ന കുട്ടികളുടെ ആർജിതമായ കഴിവ്, അറിവ്, താൽപര്യം എന്നിവ വ്യത്യസ്തമാണ് .

**ദിനാചരണങ്ങൾ**

ജൂൺ 21 അന്താരാഷ്ട്ര യോഗാ ദിനം ആചരിക്കൽ

ജൂൺ 23 അന്താരാഷ്ട്ര ഒളിംപിക്സ് ദിനം

ആഗസ്റ്റ് 29 ദേശീയ കായിക ദിനം

കായികപരമായി പ്രത്യേക അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി അവരുടെ കഴിവുകൾ വികസിപ്പിക്കുന്നതിന് പ്രത്യേക പരിശീലനം നൽകുന്നു.

സ്കൂൾ സബ് ജില്ലാ കായികമേളയിൽ വിവിധ മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകൽ.

സംസ്ഥാന സ്കൂൾ കായിക ദിനത്തോടനുബന്ധിച്ച് കുട്ടികളെ വിവിധ മത്സരങ്ങളിൽ പങ്കെടുപ്പിക്കൽ.

കുട്ടികളുടെ മാനസിക ഉല്ലാസത്തിനു മത്സര ബുദ്ധി വളർത്തുന്നതിന് വേണ്ടി വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

കുട്ടികളുടെ ബുദ്ധി വികാസത്തിനും അവരിൽ സ്വയം അവബോധം വളർത്താനും യോഗ പരിശീലനം നടത്തുന്നു.

സ്വയം പ്രതിരോധിക്കാനുള്ള പരിശീലനം നൽകുന്നു.

പെൺകുട്ടികളെ കൂടുതലായി കായികരംഗത്ത് പങ്കെടുപ്പിക്കുന്നതിന്റെ ഭാഗമായി പെൺകുട്ടികൾക്ക് ഗ്രൂപ്പ് ഇനങ്ങളിൽ പരിശീലനം നൽകുന്നു.

ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള വിവിധ കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

ഓണാഘോഷത്തോടനുബന്ധിച്ച് ഓണക്കളികൾ സംഘടിപ്പിക്കുന്നു.

മത്സരങ്ങളിൽ പങ്കെടുക്കുന്നതു മൂലം കുട്ടികൾക്ക് ക്ഷമ, ആത്മവിശ്വാസം, നേതൃത്വ പാടവം, കൂട്ടായ്മ ,മാനസിക ശക്തി തുടങ്ങിയ മൂല്യങ്ങൾ ജീവിതത്തിൽ കൈവരിക്കാൻ സാധിക്കുന്നു.

ആരോഗ്യമുള്ള കുട്ടികളെ സൃഷ്ടിക്കുന്നതിൽ കായിക പരിശീലനങ്ങൾ പ്രധാന പങ്കുവഹിക്കുന്നു.

സ്പോർട്സ് ക്ലബ് രൂപീകരണം.